Dated : 09/ 03/ 2018

# കുട്ടികളെ പീഢിപ്പിക്കാൻ ശ്രമിച്ച ഓട്ടോ ഡ്രൈവർ പിടിയിൽ.

കൊല്ലം : കൊല്ലം സിറ്റി പോലീസ് അതിർത്തിയിൽ വിമല ഹൃദയ സ്കൂളിലേക്ക് എസ്.എസ്.എൽ.സി പരീക്ഷയെഴുതാൻ ഓട്ടോയിൽ കയറിയ അഞ്ച് വിദ്യാർത്ഥികളെ വഴി തെറ്റിച്ച് ഇടവഴിയിലൂടെ യാത്രചെയ്യുകയും യാത്രാമദ്ധ്യേ കുട്ടികളെ നഗ്നതാ പ്രദർശനം നടത്തുകയും ചെയ്ത കുണ്ടറ അംമ്പിപൊയ്കയിൽ കോണത്തുവീട്ടിൽ രാജു (61) പോലീസ് പിടിയിലായി.

സിറ്റി പോലീസ് മേധാവി ഡോ. ശ്രീനിവാസ് ഐപിഎസ് ഇതേപ്പറ്റി മാദ്ധ്യമങ്ങളോട് പറഞ്ഞത്


രാജു (61)

കൊലപാതക കേസുകളേ പോലെ തന്നെ അതീവ ഗൗരവമായി തന്നെയാണ് സ്ത്രീകളുടെ സുരക്ഷയെ സിറ്റി പോലീസ് കാണുന്നതെന്ന്. വിദ്യാർത്ഥികളെ വഴി തെറ്റിച്ച് ഇടവഴിയിലൂടെ യാത്രചെയ്യുകയും യാത്രാമദ്ധ്യേ കുട്ടികളെ നഗ്നതാ പ്രദർശനം നടത്തുകയും ചെയ്തപ്പോൾ തന്നെ കുട്ടികൾ ഓട്ടോയിൽ നിന്നും ചാടി രക്ഷപെടുകയും പോലീസിനെ വിവരമറിയിക്കുകയും ചെയ്തു. വിവരമരിഞ്ഞെത്തിയ പോലീസ് കുട്ടികളെ പരീക്ഷയ്ക്കായി സ്കൂളിലെത്തിക്കുകയും ഒരു കുട്ടിയുടെ ഹാൾടിക്കറ്റടങ്ങിയ ബാഗ് ഓട്ടോയിൽ നഷ്ടപ്പെട്ടതിനാൽ സ്കൂളധികൃതരുമായി സംസാരിച്ച് കുട്ടികളെ പരീക്ഷയെഴുതാൻ വേണ്ട സാഹചര്യമൊരുക്കികൊടുക്കുകയും ചെയ്തു. എന്നാൽ കുട്ടികൾ അറിയിച്ച വാഹനത്തിന്റെ രജിസ്റ്ററേഷൻ ഒരു കാറിന്റേ താണെന്ന് മനസ്സിലാക്കിയതോടെ പല സ്റ്റേഷനുകളിലും സമാനരീതിയിലുള്ള സംഭവത്തെകുറിച്ച് അന്വേക്ഷിച്ച് അവസാനം ഈ രീതിയിൽ സ്വഭാവ വൈകല്യമുള്ള കുണ്ടറ സ്റ്റേഷൻ പരിധിയിൽ അംമ്പിപൊയ്കയിൽ കോണത്തുവീട്ടിൽ രാജുവിൽ (61) പോലീസ് എത്തിചേരുകയായിരുന്നു.

പ്രതി ഇതിനുമുമ്പും സമാനരീതിയിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടെന്നും മറ്റു കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. വിശദമായ ചോദ്യം ചെയ്യലിനു ശേഷം നാളെ പ്രതിയെ കോടതിയിൽ ഹാജരാക്കും.

സ്പെഷ്യൽ ബ്രാഞ്ച് എ.സി.പി. ശ്രീ ഷിഹാബുദ്ദീൻ, കൊല്ലം എ.സി.പി. ശ്രീ ജോർജ്ജ് കോശി, ഈസ്റ്റ് എസ്.ഐ മഞ്ജുലാൽ, ഷാഡോ എസ്.ഐ വിപിൻനകുമാർ, ഷാഡോ ടീം അംഗങ്ങളായ ഹരിലാൽ, മനു, സീനു, സജു, ബിനു, സുനിൽ എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ കീഴടക്കിയത്.